(സി) 'ബി'-യുടെ മറുപടിയിൽ പറഞ്ഞ കാരണങ്ങളാൽ കമ്മീഷൻ റേറ്റ് കുറയ്ക്കാൻ ആലോചനയില്ല.

(ഡി) കെ.എസ്.എഫ്.ഇ.-യിൽ ഇത്തരം സാഹചര്യം ഉണ്ടായിട്ടില്ല.

ന്യൂ ജനറേഷൻ ബാങ്കുകൾവഴി കാർഷിക വായ്പകളും ക്ഷേമാശ്വാസ പദ്ധതികളും

29(1305) ശ്രീ. ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുമേഖലാ ബാങ്കുകളും മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളും ഒഴികെയുള്ള മറ്റ് ന്യൂ ജനറേഷൻ ബാങ്കുകളിൽ നിന്നും കാർഷിക വായ്പകളും ക്ഷേമാശ്വാസ പദ്ധതികളുംവഴി സാധാരണക്കാരെ സഹായിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

ലോർഡ് കൃഷ്ണ ബാങ്കിനെതിരെ പരാതി

30(1306) ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോർഡ് കൃഷ്ണ ബാങ്കിലെ നിക്ഷേപങ്ങളുമായി ബന്ധപ്പെട്ട് സർക്കാരിന് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ലഭിച്ച പരാതിയുമായി ബന്ധ പ്പെട്ട് നടത്തിയ അന്വേഷണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

ഇല്ല.

സർക്കാരിന്റെ വിവിധ ഇൻഷ്വറൻസ് പദ്ധതികൾ

31(1307) ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ അപകട ഇൻഷ്വറൻസ്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്ക് ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ്, പ്രവാസി മലയാളികളുടെ ഇൻഷ്വറൻസ് എന്നീ പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഓരോ പദ്ധതികൾക്കുമുള്ള ആകെ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിലോരോ പദ്ധതിയും നടപ്പിലാക്കാൻ ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളെയാണ് സർക്കാർ തെരഞ്ഞെടുത്തതെന്നും അതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പറയാമോ;

(ഡി) സംസ്ഥാന സർക്കാരിന്റെ തന്നെ ഇൻഷ്വറൻസ് വകുപ്പ് നിലവിലുള്ളപ്പോൾ മേൽപ്പറഞ്ഞ പദ്ധതികൾ മറ്റു കമ്പനികളെ ഏൽപ്പിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) സർക്കാർ ജീവനക്കാരുടെ അപകട ഇൻഷ്വറൻസ് പദ്ധതിക്ക് സർക്കാരിൽ നിന്നും ധനസഹായം പ്രതീക്ഷിക്കുന്നില്ല. അതിനാൽ ഇതിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. ടി പദ്ധതി പ്രകാരം ജീവനക്കാരൻ അടക്കേണ്ട വാർഷിക പ്രീമിയം 50 രൂപയും പരമാവധി അപകട നഷ്ട പരിഹാര തുക 7 ലക്ഷം രൂപയുമായി നിശ്ചയിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ സ്കീം പൊതു മേഖല ഇൻഷ്വറൻസ് സ്ഥാപനമായ നാഷണൽ ഇൻഷ്വറൻസ് കമ്പനിയും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും കോ-ഇൻഷ്വർ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ സ്കീം സംബന്ധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

പ്രവാസി മലയാളികൾക്കും തിരികെ എത്തിയവർക്കും ഇതര സംസ്ഥാനങ്ങളിലുള്ള മലയാളികൾക്കുമായി സർക്കാർ എൽ.ഐ.സി.-യുമായി സഹകരിച്ച് പ്രവാസി സ്വാശ്രയ എന്ന പേരിൽ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എൻഡോവ്മെന്റോടുകൂടിയ ജീവൻ അക്ഷയ്, ജീവൻ ആനന്ദോടുകൂടിയ ജീവൻ അക്ഷയ്, ജീവൻ അക്ഷയ് സത്വര പെൻഷൻ, ലൈഫ് കവറേജ് ഇല്ലാതെയുള്ള ജീവൻ സുരക്ഷാ, ടേം-റൈഡറോഡ് കൂടിയ ജീവൻ സുരക്ഷാ, ഒറ്റത്തവണ പ്രീമിയം അടച്ചുകൊണ്ടുള്ള ജീവൻ സുരക്ഷാ എന്നീ ആറ് (6) പദ്ധതികളടങ്ങിയ ഒരു സഞ്ജിത പദ്ധതിയായിട്ടാണ് 'പ്രവാസി സ്വാശ്രയ' എന്ന പദ്ധതി വിപണനം ചെയ്യുന്നത്. പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക-റൂട്ട്സ് എന്ന കമ്പനിയിൽ നിക്ഷിപ്തമാണ്.

കേന്ദ്ര/സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുമായി സമന്വയിപ്പിച്ച് ദരിദ്ര കുടുംബങ്ങൾക്ക് അപകട ഇൻഷ്വറൻസും

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യ ഇൻഷ്വറൻസും ലഭിക്കുന്നതിലേക്ക് ഒരു പദ്ധതി തദ്ദേശഭരണ വകുപ്പിന്റെ 3-1-2006-ലെ സർക്കാർ ഉത്തരവ് (സാധാ. നം. 1/06/ത.സ്വ. നമ്പർ ഉത്തരവ്) പ്രകാരം ആരംഭിച്ചിട്ടുണ്ട്. ഈ സ്കീം പ്രകാരം അപകട ഇൻഷ്വറൻസ് പരമാവധി ഒരു ലക്ഷം രൂപയും ആരോഗ്യ ഇൻഷ്വറൻസ് പ്രകാരം പരമാവധി 30,000 രൂപയും ആനുകൂല്യം ലഭിക്കും. ടി പദ്ധതിയുടെ പ്രീമിയം തുകയിൽ കേന്ദ്ര സർക്കാരിൽ നിന്നും 300 രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 33 രൂപയും തദ്ദേശഭരണ സ്ഥാപന ത്തിന്റെ വിഹിതമായി 33 രൂപയും ഗുണഭോക്താക്കൾ 33 രൂപയും എടുക്കേണ്ടതുണ്ട്.

(സി) നിർക്ക് കോട്ട് ചെയ്ത പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളിൽ ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്തതിനാലാണ് ജീവനക്കാരുടെ അപകട ഇൻഷ്വറൻസ് പദ്ധതി "നാഷണൽ ഇൻഷ്വറൻസ്" കമ്പനി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. "പ്രവാസി സ്വാശ്രയ" എന്ന സാമൂഹ്യ സുരക്ഷാ പദ്ധതിയുടെ ചുമതല നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ നോർക്ക റൂട്ട്സ് എന്ന കമ്പനിയിൽ നിക്ഷിപ്തമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനമായ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ മുഖേനയാണ്. ലോകത്തിന്റെ എല്ലാ ഭാഗത്തും ഉള്ള മലയാളികൾക്കും വേണ്ടിയുള്ള ഈ പദ്ധതി നടപ്പിലാക്കുന്നതിന് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ പോലെ വലിയ പ്രവർത്തന ശൃംഖലയും പരിചയവുമുള്ള കേന്ദ്രഗൺമെന്റ് സ്ഥാപനമായിരിക്കും നല്ലത് എന്നതിനാലാണ് ടി സ്ഥാപനം മുഖേന ഇത് നടപ്പാക്കുന്നത്. ദരിദ്ര ജനവി ഭാഗങ്ങൾക്കായുള്ള അപകട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഐ.സി.ഐ.സി.ഐ. ലോംബോഡ് ജനറൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് നടപ്പിലാക്കുന്നത്. കോട്ട് ചെയ്ത വിവിധ ഇൻഷ്വറൻസ് കമ്പനികളിൽ ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്തു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി ഈ കമ്പനിയെ ഏൽപ്പി ച്ചിരിക്കുന്നത്.

(ഡി) ജീവനക്കാരുടെ അപകട ഇൻഷ്വറൻസ് പദ്ധതിയിൽ സ്റ്റേറ്റ് ഇൻഷ്വ റൻസ് വകുപ്പ് നാഷണൽ ഇൻഷ്വറൻസ് കമ്പനിയോടൊപ്പം പ്രീമിയത്തിന്റെയും റിസ്കിന്റെയും കാര്യത്തിൽ ഒരു കോ-ഇൻഷ്വർ ആയിരിക്കും. പ്രവാസി സ്വാശ്രയ പദ്ധതി ലോകത്തിലെ എല്ലാ മലയാളികൾക്കും വേണ്ടിയുള്ളതിനാൽ വലിയ പ്രവർത്തനശൃംഖലയും പരിചയമുള്ള ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ മുഖാ ന്തിരമാണ് നടപ്പിലാക്കുന്നത്. സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് ഇക്കാര്യത്തിൽ വളരെയധികം പരിമിതിയുണ്ട്. ദരിദ്ര കുടുംബങ്ങൾക്കായുള്ള അപകട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്കും സേവനവ്യവസ്ഥകളും ആനുകൂല്യലഭ്യതയും ഐ.സി.ഐ.സി.ഐ ലോംബോഡ് ജനറൽ ഇൻഷ്വറൻസ് കമ്പനിയാണ് വിഭാവന ചെയ്തത്.

സർക്കാർ പുതുതായി ആരംഭിച്ച ഇൻഷ്വറൻസ് പദ്ധതികൾ

32(1308) ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/498/2014—12

LIBRARY ARCHIVES Kerala Legislative Assembly